**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3971** **17-03-2025-ൽ മറുപടിയ്ക്ക്**

**നാഷണൽ ഹെൽത്ത് മിഷന്റെ കേന്ദ്ര വിഹിതം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതമായി ഉൾപ്പെടുത്തിയിരുന്ന തുക എത്രയാണ്; ഇതിന് ആനുപാതികമായി ഉൾപ്പെടുത്തിയ സംസ്ഥാന വിഹിതം എത്ര രൂപയാണ്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

**മറുപടി:** ഈ സർക്കാരിന്റെ കാലയളവിൽ (2021-22 സാമ്പത്തിക വർഷം മുതൽ) കേന്ദ്രത്തിൽ നിന്നും എൻ.എച്ച്.എം പദ്ധതികൾക്ക് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തിയ കേന്ദ്ര വിഹിത തുകയും അതിന് ആനുപാതികമായ സംസ്ഥാനം സംസ്ഥാന ബജറ്റിൽ അനുവദിച്ച സംസ്ഥാന വിഹിതവും ( 60 :40) താഴെ പറയുന്നു.

| വർഷം | ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഒഴിച്ച് NHM ന് കേന്ദ്രം അനുവദിച്ച തുക (തുക കോടിയിൽ) | സംസ്ഥാന വിഹിതം(രൂപ കോടിയിൽ) |
|---|---|---|
| 2021-22 | 549.96 | 489.32 |
| 2022-23 | 603.64 | 623.31 |
| 2023-24 | 0 | 480.2 |
| 2024-25 | 467.48 | 424.83 |

**(ബി)** കേന്ദ്ര ഫണ്ടും ആനുപാതികമായ സംസ്ഥാന വിഹിതവും സമയബന്ധിതമായി നാഷണൽ ഹെൽത്ത് മിഷന്റെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ഈ കാലയളവിൽ കൈമാറിയിട്ടുണ്ടോ; ഇപ്രകാരം കൈമാറുവാൻ സാധിക്കാത്തതിന്റെ പേരിൽ ആർ.ബി.ഐ. മാർഗ്ഗനിർദേശപ്രകാരമുള്ള പലിശ അടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**മറുപടി:** കേന്ദ്ര ഫണ്ടും ആനുപാതികമായ സംസ്ഥാന വിഹിതവും സമയബന്ധിതമായി നാഷണൽ ഹെൽത്ത് മിഷൻ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ഈ കാലയളവിൽ കൈമാറിയിട്ടുണ്ട്. പലിശ അടയ്ക്കേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. SNA മാർഗ്ഗ നിർദ്ദേശ പ്രകാരം കേന്ദ്ര ഫണ്ടും ആനുപാതികമായ സംസ്ഥാന വിഹിതവും തുക അനുവദിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം നാഷണൽ ഹെൽത്ത് മിഷന്റെ single nodal account ലേക്ക് കൈമാറിയില്ലെങ്കിലാണ് RBI യുടെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള പലിശ സംസ്ഥാനം നൽകേണ്ടതായി വരുന്നത്.

**(സി)** മേൽപ്പറഞ്ഞ കാലയളവിൽ എൻ.എച്ച്.എം. പദ്ധതികൾക്കായി ലഭിച്ച കേന്ദ്രവിഹിതം സംസ്ഥാന സർക്കാർ ഏതെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ നഷ്ടമാകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക, ഏതൊക്കെ ഇനത്തിൽ, എന്ത് കാരണത്താൽ നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

**മറുപടി:** 2023-24 സാമ്പത്തിക വർഷത്തിലാണ് കേന്ദ്രം നൽകാനുള്ള തുകയിൽ എൻ.എച്ച്.എം ന് കുടിശ്ശികയായത്.

2023-24 സാമ്പത്തിക വർഷത്തിൽ ആകെ കേന്ദ്രം അംഗീകരിച്ച 2522 കോടിയുടെ പദ്ധതികളുടെ പദ്ധതി അടങ്കൽ തുക 1376.7 കോടി രൂപയായിരുന്നു (826.02 കോടി രൂപ കേന്ദ്ര വിഹിതവും 550.68 കോടി രൂപ സംസ്ഥാന വിഹിതവും). 826.02 കോടി രൂപയുടെ കേന്ദ്ര വിഹിതത്തിൽ 189.14 കോടി രൂപ മാത്രമാണ് 2023-24 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ചത്. 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ എൻ.എച്ച്.എം ന് കുടിശ്ശികയായത് (278.27 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലും, 358.61 കോടി രൂപ ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിത ഇനത്തിലും).

ആദ്യഘട്ടത്തിൽ കേന്ദ്രം നിർദ്ദേശിച്ചത് എൻ.എച്ച്.എം. ന് ഫണ്ട് അനുവദിക്കണമെങ്കിൽ സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ കോ-ബ്രാന്റിംഗ് നടപ്പിലാക്കണമെന്നായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 30/09/2023 ലെ കത്ത് പ്രകാരം കോ- ബ്രാന്റിംഗ് പൂർത്തിയാക്കിയതായി കേന്ദ്ര മന്ത്രാലയത്തെ അറിയിക്കുകയും തുടർന്ന് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും വിവിധ കത്തുകളിലൂടെ ഓർമ്മപ്പെടുത്തലുകൾ നടത്തുകയും ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു .

ഇത് പ്രകാരം കേന്ദ്രം ഫണ്ട് അനുവദിച്ചില്ല. അതിന് പകരം 29.11.2023ലെ കത്ത് പ്രകാരം കോബ്രാന്റിംഗിന് പുറമേ ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ പേര് "ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്ന് പുനർനാമകരണം ചെയ്യണമെന്നും പുതിയ ബ്രാൻഡിംഗ് ഡിസംബർ 31നകം പൂർത്തീകരിക്കണമെന്നും ആണ് കേന്ദ്രം ആവശ്യപ്പെട്ടത്.

ഇതിനു മറുപടിയായി സംസ്ഥാനം എല്ലാ കോ -ബ്രാൻഡിംഗ് പൂർത്തിയാക്കിയതായും പുതിയ പേര് കേരളത്തിലെ ജനങ്ങൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കുമെന്നും അതിനാൽ ഈ തീരുമാനം പുന പരിശോധിക്കണമെന്നും ചൂണ്ടികാണിച്ച് 13.12.2023 ൽ പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു കത്ത് നൽകിയിരുന്നു.

ഇതിന് ശേഷം കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചെങ്കിലും 2023-24 ൽ നൽകേണ്ടിയിരുന്ന കേന്ദ്ര വിഹിതം സംസ്ഥാനത്തിന് അനുവദിച്ചില്ല.

**സെക്ഷൻ ഓഫീസർ**